വർദ്ധനവ് വരുത്തി. രണ്ടാമതായി മെരിറ്റിൽ വരുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്കുകൂടി അമിതമായ ഫീസ് കൊടുക്കേണ്ടി വരുന്നു എന്നുള്ള ആശങ്കയെക്കുറിച്ചാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വിശദീകരിച്ചതുപോലെതന്നെ, ഇന്നത്തെ സ്ഥിതിക്ക് ഗവൺമെന്റിന് എടുക്കാവുന്ന ഒരു തീരുമാനമിതാണ്. എൻജിനിയറിംഗ് കോളേജുകളിലെ അഡ്മിഷൻ ഫീസിനെ സംബന്ധിച്ചിടത്തോളം ഇതുപോലെ വിമർശനങ്ങൾ വന്നപ്പോൾ, ഗവണ്മെന്റ് പരിശോധിച്ച് ബന്ധപ്പെട്ട മാനേജർമാരുമായി ആലോചിച്ച് ഒരു ചെറിയ ഇളവു വരുത്തി. മെരിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികൾക്ക് വരുമാനത്തിന്റെ പരിധിവച്ചുകൊണ്ട് ഒരു ഇളവു വരുത്താൻ സാധിച്ചു. ആ രീതിയിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചു ചെയ്യേണ്ട കാര്യമാണിത്. അതും ആലോചനയിലുണ്ട് എന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. സുപ്രീംകോടതി 1,60,000 രൂപ നേരത്തെ നിശ്ചയിച്ചതാണ്. അതിന്റെ reasonable enhancement ആണ് വരുത്തിയിട്ടുള്ളത്.

മി. സ്പീക്കർ : reasonable enhancement ആണ്. Reasonable enhancement of the Government.

ശ്രീ. നാലകത്ത് സൂപ്പി : 1,50,000 രൂപയാണ് നേരത്തെ നിശ്ചയിച്ചത്. ഇക്കാര്യത്തിൽ ഞാൻ പറഞ്ഞതുപോലെ പരിശോധിക്കേണ്ടതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഇക്കാര്യത്തിൽ സ്വകാര്യ മാനേജുമെന്റിനെ നിയന്ത്രിക്കാൻതക്ക വിധത്തിലൊരു വോയ്സ് സ്റ്റേറ്റ് ഗവൺമെന്റിന് കൂടി സുപ്രീം കോടതി വിധിയിൽ പറയുന്നുണ്ട്. ആ വിധി മേശപ്പുറത്ത് വയ്ക്കാൻ തയ്യാറുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചുതരാം. പത്രത്തിൽ വന്ന വാർത്തകളിൽ നിന്നും മനസ്സിലാകുന്നത് സ്റ്റേറ്റ് ഗവൺമെന്റിന്കൂടി അത് സംബന്ധിച്ച ഒരു തീരുമാനമെടുക്കാനുള്ള അവകാശം നൽകിക്കൊണ്ടാണ് സുപ്രീം കോടതി വിധി. സുപ്രീം കോടതി വിധിയുടെ പേരും പറഞ്ഞ് സ്വകാര്യ മാനേജർമാർ വർദ്ധിപ്പിക്കുന്ന ദുർവ്വഹമായ ഫീസിന് ന്യായീകരണം നൽകുക എന്നത് ദൗർഭാഗ്യകരമായിപ്പോയി. ഇക്കാര്യത്തെ സംബന്ധിച്ച് നമുക്ക് നിയന്ത്രിക്കാനുള്ള ഏകവഴി ഇവിടെ നിയമം കൊണ്ടുവരിക എന്നുള്ളതാണ്. ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിമാരിൽനിന്നും അറിയാനുള്ളത്.

ശ്രീ. നാലകത്ത് സൂപ്പി : ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട് എന്ന് കഴിഞ്ഞ ദിവസം പറഞ്ഞു.

(2) ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. തമ്പാനൂർ രവി : കേരളത്തിൽ നാല്പതിനായിരത്തിലധികം വരുന്ന ആട്ടോമൊബൈൽ വർക്ക്ഷോപ്പുകളുണ്ട്. അതിലെല്ലാം കൂടി അഞ്ചര

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്യുകയാണ്. ഇവർക്ക് വിവിധ ക്ഷേമപരിപാടികൾ ആവിഷ്ക്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ ഗവൺമെന്റിന് നൽകിയിട്ടുണ്ട്. ഇന്ന് അവരുടെ സംസ്ഥാനകമ്മിറ്റി അംഗം സെക്രട്ടേറിയറ്റ് പടിക്കൽ ഉപവാസം കിടക്കുകയാണ്. അവരുടെ മെമ്മോറാണ്ടം പരിശോധിച്ച് അവരുമായി ചർച്ച നടത്തി ക്ഷേമനിധി രൂപീകരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, കേരളത്തിലെ ആട്ടോമൊബൈൽ വർക്ക്ഷോപ്പുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കണമെന്ന അവരുടെ ആവശ്യം വളരെ നാളുകളായി നിലനിൽക്കുകയാണ്. അവർക്ക് മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടായതുകൊണ്ട് നിലവിലുള്ള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ മാനേജ് ചെയ്യത്തക്ക നിലയിൽ ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകാൻ ഗവൺമെന്റ് സജീവമായി ആലോചിക്കുന്നതാണ്. അടുത്ത ആഴ്ചയിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തും. ഞാൻ ബഹുമാനപ്പെട്ട അംഗത്തെ അതിൽ പങ്കെടുക്കാൻ ക്ഷണിക്കുകയാണ്.

(3) കുഴൽമന്ദം നിയോജകമണ്ഡലത്തിലെ വിവിധ ഹൈസ്കൂളുകളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി

ശ്രീ. എ. കെ. ബാലൻ : സർ, കുഴൽമന്ദം അസംബ്ലി മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി 11 ഹൈസ്കൂളുകളാണുള്ളത്. അതിൽ 7 സ്കൂളുകളിൽ പ്ലസ് ടു ഇല്ല. 1,400-ഓളം കുട്ടികൾ എസ്.എസ്.എൽ.സി. പാസ്സായി. 720 സീറ്റുകളാണ് ആകെയുള്ളത്. പാവപ്പെട്ട പിന്നോക്കക്കാരും പട്ടികജാതി-പട്ടികവർഗ്ഗക്കാരുമായ കുട്ടികൾ പഠിക്കുന്ന പ്രസ്തുത സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ച് തന്നാൽ വലിയ ഉപകാരമായിരിക്കും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രമായി 7 ഹൈസ്കൂളുകളിൽ പ്ലസ് ടു ഇല്ല എന്നുള്ളത് ശരിയാണ്. സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്ത 402 പഞ്ചായത്തുകളുണ്ട്. ഇന്ന് 416 പഞ്ചായത്തുകളിലെ ഗവൺമെന്റ് സ്കൂളുകളിലും 508 എയ്ഡഡ് സ്കൂളുകളിലുമാണ് ഹയർ സെക്കണ്ടറിയുള്ളത്. ബാക്കി പഞ്ചായത്തുകളിൽ ഹയർസെക്കണ്ടറി ഇല്ല. ഇക്കൊല്ലത്തെ എസ്.എസ്.എൽ.സി. റിസൾട്ടുമായി താരതമ്യപ്പെടുത്തുമ്പോൾ പല പഞ്ചായത്തുകളിലേയും കുട്ടികൾക്ക് ഹയർ സെക്കണ്ടറി പഠിക്കാൻ അവസരം കിട്ടുന്നില്ല. ബഹുമാനപ്പെട്ട കുഴൽമന്ദം മെമ്പർ പറഞ്ഞതുപോലെ പല ജില്ലകളിലും എസ്.എസ്.എൽ.സി.ക്ക് 50

LIBRARY ARCHIVES Kerala Legislative Assembly